പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 289     16.12. 2015-ൽ മറുപടിക്ക്

## അർബൻ 2020

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.സി.മോയിൻ കുട്ടി<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എം.ഉമ്മർ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | അർബൻ 2020 പദ്ധതി വിശദമാക്കുമോ; | (എ) | നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതനമായ സാങ്കേതിക പരിജ്ഞാനവും, തനത്ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡിപിആറുകൾ) കാലേകൂട്ടി തയ്യാറാക്കാനും, പ്രസ്തുത ഡിപിആറുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാരും മറ്റ് ഫണ്ടിങ് ഏജൻസികളും നൽകിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | ഇതിനായി കരാറിലേർപ്പെട്ടിട്ടുള്ള നഗരസഭകളുടെ വിശദ വിവരം നൽകുമോ ; | (ബി) | ചിറ്റൂർ - തത്തമംഗലം, കൽപ്പറ്റ, പെരിന്തൽമണ്ണ, ചാലക്കുടി, ഷൊർണ്ണൂർ, ഇരിഞ്ഞാലക്കുട, അങ്കമാലി, തൃശ്ശൂർ, മരട്, ചേർത്തല, കൊല്ലം, മഞ്ചേരി, ചങ്ങനാശ്ശേരി, പാല, പൊന്നാനി, ചെങ്ങന്നൂർ, ഗുരുവായൂർ ഇവിടങ്ങളിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിശദവിവരങ്ങൾ 'അനുബന്ധം - എ'-യിൽ കാണാവുന്നതാണ്. |
| (സി) | പദ്ധതി നടത്തിപ്പു സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ ? | (സി) | അർബൻ 2020 പദ്ധതിയുടെ നോഡൽ ഏജൻസി കേരള സുസ്ഥിര നഗരവികസന പദ്ധതി (കെ.എസ്.യു.ഡി.പി) - യാണ്. നഗരസഭകൾ സമർപ്പിക്കുന്ന പ്രോജക്ട് ആശയങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ |

( ഡി പി ആർ ) തയ്യാറാക്കുന്നതിന് വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുളള 31 ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. കൺസൾട്ടിംഗ് ഏജൻസികളെ നഗരസഭ കൾക്ക് തെരഞ്ഞെടുക്കാവുന്നതാണ്.നഗരസ ഭകൾ കൺസൾട്ടിംഗ് ഏജൻസികൾ മുഖേന തയ്യാറാക്കി സമർപ്പിക്കുന്ന പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ വില യിരുത്തുന്നതും അംഗീകാരം നൽകുന്നതും ഇതിനായി രൂപീകരിച്ചിട്ടുളള ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റികളാണ്.

ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റികൾ അംഗീകാരം നല്കുന്ന മുറയ്ക്ക് ഡിപി ആറുകൾ തയ്യാറാക്കുന്നതിനുളള സർക്കാരു മായുളള ത്രികക്ഷി കരാറിൽ നഗരസ ഭയ്ക്കും കൺസൾട്ടിംഗ് ഏജൻസിക്കും ഏർപ്പെടാവുന്നതാണ്. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിഷ്ക്കർഷി ച്ചിട്ടുളള നിരക്കിലും നിബന്ധനയിലും ഡിപി ആറുകൾ തയ്യാറാക്കുന്നതിനുളള കൺസൾ ട്ടൻസി ഫീ ബന്ധപ്പെട്ട ഏജൻസികൾക്ക് കെ.എസ്.യു.ഡി.പി മുഖേന നല്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന ഡിപിആറുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യവികസന ത്തിനുളള ഫണ്ടുകൾ നേടിയെടുക്കേണ്ട ചുമതല അതത് നഗരസഭകൾക്കാണ്. ഇതി നായുളള പ്രവർത്തനങ്ങൾ സുഗമമാക്കാൻ നോഡൽ ഏജൻസിയായ കെ.എസ്.യു. ഡി.പി -യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം -എ)

| ക്രമ നമ്പർ | നഗരസഭയുടെ പേര് | പ്രോജക്ടിന്റെ പേര് | പ്രോജക്ട് അടങ്കൽ (ഏകദേശ തുക) | കൺസൽട്ടൻസി സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 1 | ചിറ്റൂർ - തത്തമംഗലം | തത്തമംഗലം മാർക്കറ്റ് ഡെവലപ്പ്മെന്റ് | 2 കോടി രൂപ | ജിറ്റ്പാക്ക്, തിരുവനന്തപുരം |
| | | ഇംപ്രൂവ്മെൻസ് ടു അർബൻ ഡ്രെയിനേജ് സിസ്റ്റം | 10 കോടി രൂപ | എൻ.കെ. ബിൽഡ്കോൺ പ്രൈവറ്റ് ലിമിറ്റഡ്, രാജസ്ഥാൻ |
| 2 | കൽപ്പറ | സ്വിവറേജ് സിസ്റ്റം & സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 50 കോടി രൂപ | കിറ്റ്കോ, കൊച്ചി |
| 3 | പെരിന്തൽമണ്ണ | സ്വിവറേജ് സിസ്റ്റം | 47 കോടി | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൊസൈറ്റൽ അഡ്വാൻസ്മെന്റ്, തിരുവനന്തപുരം |
| 4 | ചാലക്കുടി | ഇന്റഗ്രേറ്റഡ് ഡ്രെയിനേജ് നെറ്റ് വർക്ക് | 10 കോടി രൂപ | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൊസൈറ്റൽ അഡ്വാൻസ്മെന്റ്, തിരുവനന്തപുരം |
| 5 | ഷൊർണ്ണൂർ | ഇംപ്രൂവ്മെൻസ് ടു ഡ്രെയിനേജ് നെറ്റ് വർക്ക്സ് സിസ്റ്റം | 10 കോടി രൂപ | എൻ.കെ. ബിൽഡ്കോൺ പ്രൈവറ്റ് ലിമിറ്റഡ്, രാജസ്ഥാൻ |
| 6 | ഇരിഞ്ഞാലക്കുട | ഇന്റഗ്രേറ്റഡ് അർബൻ ഡ്രെയിനേജ് | 15 കോടി രൂപ | എൻ.കെ. ബിൽഡ്കോൺ പ്രൈവറ്റ് ലിമിറ്റഡ്, രാജസ്ഥാൻ |
| 7 | അങ്കമാലി | ഇന്റഗ്രേറ്റഡ് ഡ്രെയിനേജ് & വേസ്റ്റ് വാട്ടർ മാനേജ്മെന്റ് | 50 കോടി രൂപ | റ്റാറ്റാ കൺസൾട്ടൻസി ലിമിറ്റഡ്, മുംബൈ |
| 8 | തൃശ്ശൂർ | റിനവേഷൻ ഓഫ് തോപ്പിൻമൂല & വഞ്ചിക്കുളം വാട്ടർവേ | 20 കോടി രൂപ | ജിറ്റ്പാക്ക്, തിരുവനന്തപുരം |
| 9 | മരട് | സ്റ്റോം വാട്ടർ ഡ്രെയിനേജ് | 30 കോടി രൂപ | കിറ്റ്കോ, കൊച്ചി |
| 10 | ചേർത്തല | റിനവേഷൻ ഓഫ് പുത്തൻ റോഡ് കനാൽ | 15 കോടി രൂപ | സ്ട്രക്ച്ചർ ഇൻഡ്യ, പാലക്കാട് |
| 11 | കൊല്ലം | റിജുവനേഷൻ ഓഫ് വാട്ടർ ബോഡീസ് | 20 കോടി രൂപ | ജിറ്റ്പാക്ക്, തിരുവനന്തപുരം |
| 12 | മഞ്ചേരി | ഡ്രെയിനേജ് നെറ്റ് വർക്ക് | 12 കോടി രൂപ | കിറ്റ്കോ, കൊച്ചി |
| 13 | ചങ്ങനാശ്ശേരി | ഡ്രെയിനേജ് സിസ്റ്റം | 15 കോടി രൂപ | കിറ്റ്കോ, കൊച്ചി |
| 14 | പാല | വാട്ടർസപ്ലൈ സ്കീംവിത്ത് 10എം.എൽഡി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് | 40 കോടി രൂപ | കിറ്റ്കോ, കൊച്ചി |
| 15 | പൊന്നാനി | സ്വിവറേജ്& ഡ്രെയിനനേജ് സ്കീം | 30 കോടി രൂപ | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ്, തിരുവനന്തപുരം |
| 16 | ചെങ്ങന്നൂർ | പെഡസ്ട്രിയൽ അമിനിറ്റീസ് ഇൻ റെയിൽവേസ്റ്റേഷൻ- ബസ് സ്റ്റാന്റ്- മഹാശിവക്ഷേത്രം | 50 കോടി രൂപ | ജിറ്റ്പാക്ക്, തിരുവനന്തപുരം |
| 17 | ഗുരുവായൂർ | ഇന്റഗ്രേറ്റഡ് ഡ്രെയിനേജ് സിസ്റ്റം | 10 കോടി രൂപ | കിറ്റ്കോ, കൊച്ചി |